വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം : അംഗീകൃത യൂണിവേഴ്സിറ്റികളിലെ/ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് പഠന സഹായിയായി ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

കൈത്താങ്ങ് : സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് 2013-14 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് കൈത്താങ്ങ്. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരണപ്പെട്ടതോ/ഉപേക്ഷിച്ചതോ/ഒരാൾ മരണപ്പെടുകയും, ജീവിച്ചിരിക്കുന്ന ആൾക്ക് കുട്ടികളെ പോറ്റാൻ കഴിവില്ലാത്ത വിധം ഗുരുതര രോഗം ബാധിച്ചവരോ ആയിട്ടുള്ളവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

ഊർജ്ജ സംരക്ഷണം

29 (*59) ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണ നിയമപ്രകാരം ഉർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായിട്ടുള്ള ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് പ്രവർത്തിക്കുന്ന വിവരം വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ നാളിതുവരെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഊർജ്ജ സംരക്ഷണ പ്രവർത്തനം കൊണ്ട് പീക്ക് ഡിമാന്റ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) സംരക്ഷണ പ്രവർത്തനം കൊണ്ട് പവർ പർച്ചേസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിവരങ്ങൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ അറിയിക്കാറുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-സി) ഉണ്ട്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടത്തിവരുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ, ബോർഡ്, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന 'പ്രതീക്ഷിത വരവു ചെലവു കണക്കുകളെ' (Aggregate Revenue Requirement & Expected Revenue from Charges) സംബന്ധിച്ചുള്ള പെറ്റീഷനിൽ ഉൾപ്പെടുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly